**പതിമൂന്നാം കേരള നിയമസഭ**
**10-ാംസമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *327 — 30/01/2014 ൽ മറുപടിയ്ക്ക്

## വിമാനത്താവളങ്ങൾക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
" ചിറ്റയം ഗോപകുമാർ
" ഇ.കെ. വിജയൻ
" കെ. രാജു.

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി

(എ) എത്ര വിമാനത്താവളങ്ങൾക്ക്, നിർമ്മാണത്തിനായുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയങ്ങളുടെ അനുമതി ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം; വിശദമാക്കുമോ;

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങൾക്കും പുതിയ വിമാനത്താവള പദ്ധതികളായ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്കും / ആറന്മുള ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്കും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിൽ തെറ്റായ വിവരങ്ങൾ നൽകി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടിയെടുത്തിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വിമാനത്താവള നിർമ്മാണത്തിനു വേണ്ടിയാണ് ഇപ്രകാരം അനുമതി നേടിയെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ആറന്മുള അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയെക്കുറിച്ച് ഇത്തരം ചില ആരോപണങ്ങൾ ചില മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി അറിയാം.

(സി) തെറ്റായ വിവരങ്ങൾ നൽകി അനുമതി നേടിയെടുത്തവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് അനുമതി നൽകിയ കേന്ദ്ര സർക്കാരാണ്. ഈ വിഷയത്തിൽ ഹൈക്കോടതിയിലും ദേശീയ ഹരിത ട്രിബ്യൂണലിലുമായി നാല് കേസുകൾ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ